കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

1999 ഡിസംബർ 17, വെള്ളി

വാല്യം 109] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

നിയമസഭ 1999 ഡിസംബർ 17-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ.....ചോദ്യം നം. 117

1 (*117) ഗ്രാമപഞ്ചായത്തുകൾക്ക് നേരിട്ട് പണം നൽകാനുള്ള കേന്ദ്ര നീക്കം

ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾക്കുള്ള പണം കേന്ദ്ര ഗവൺമെന്റ് നേരിട്ട് ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കാൻ നീക്കമാരംഭിച്ചതായി അറിവുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായമെന്തെന്ന് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഗ്രാമ പഞ്ചായത്തുകൾക്ക് നേരിട്ട് പണം നൽകാനുള്ള നീക്കം കേന്ദ്രാവിഷ്കൃത പദ്ധതികൾ കുറയ്ക്കണമെന്ന ദേശീയ വികസന സമിതി നിർദ്ദേശത്തിന് വിരുദ്ധമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഗ്രാമപഞ്ചായത്തുകൾക്ക് നേരിട്ടു പണം നൽകുന്ന രീതി നിലവിൽ വന്നാൽ ത്രിതല പഞ്ചായത്തുകൾ വഴി ജനകീയാസൂത്രണം നടപ്പിലാ

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന മെച്ചപ്പെട്ട സംവിധാനം നിലവിലുള്ള സംസ്ഥാനത്തെ ദോഷകരമായി രിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടുവോ;

(ഇ) പ്രസ്തുത പദ്ധതിപ്രകാരം കേന്ദ്രത്തിന് താൽപര്യമുള്ള പഞ്ചാ യത്തുകൾക്കുമാത്രം പണം നൽകാൻ വഴിയൊരുക്കുമെന്ന ആക്ഷേപം ശ്രദ്ധ യിൽപ്പെട്ടുവോ;

(എഫ്) എങ്കിൽ ഇതു സംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചുവോ;

(ജി) ഇക്കാര്യത്തിൽ മുൻ ഐക്യമുന്നണി കേന്ദ്ര ഗവൺമെന്റിന്റെ സമീപനം എന്തായിരുന്നു എന്ന് അറിവുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) : സർ,

(എ) കേന്ദ്രഗവൺമെന്റ് അത്തരത്തിലൊരു നീക്കം ആരംഭിച്ചതായി കേന്ദ്ര ധനകാര്യ സ്റ്റേറ്റ് മന്ത്രി ശ്രീ. ധനഞ്ജയകുമാർ കാസർഗോഡുവച്ച് പ്രസ്താവന നടത്തിയതുവഴി മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയം സംബന്ധിച്ച് പ്രധാനമന്ത്രിക്ക് 15-11-1999 ൽ കത്ത് അയച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ വിയോജിപ്പ് ഈ കത്തുവഴി കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചി ട്ടുണ്ട്. ഇതിനു പുറമെ 24-11-1999 ൽ നടത്തിയ എം.പി. മാരുടെ യോഗത്തിലും ഈ വിഷയം ചർച്ച ചെയ്യുകയുണ്ടായി.

(സി) ഗ്രാമപഞ്ചായത്തുകൾക്ക് നേരിട്ടു കേന്ദ്രാവിഷ്കൃത പദ്ധതി ക്കുള്ള പണം നൽകാൻ തുടങ്ങിയാൽ ദേശീയ കൗൺസിൽ തീരുമാനം അനു സരിച്ച് കേന്ദ്രാവിഷ്കൃത പദ്ധതികൾ കുറയ്ക്കുന്നത് ബുദ്ധിമുട്ടായിത്തീരും.

(ഡി) ഉണ്ട്.

(ഇ) അങ്ങനെ ഒരാക്ഷേപം നിലവിൽ ഉള്ളതായി അറിയാം.

(എഫ്) ഈ വിഷയം പ്രത്യേകമായി ഉന്നയിച്ചിട്ടില്ല എങ്കിലും 15-11-1999 -ലെ കത്തിൽ സർക്കാരിനുള്ള വിയോജിപ്പ് അറിയിച്ചിട്ടുണ്ട്.

(ജി) മുൻ ഐക്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ഇങ്ങനെ യൊരു സമ്പ്രദായം നടപ്പാക്കിയിരുന്നില്ല.

ശ്രീ. ജി. സുധാകരൻ : സർ, പരേതനായ രാജീവ്ഗാന്ധി പ്രധാനമന്ത്രി യായിരിക്കെ ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെ പഞ്ചായത്തു കൾക്കും മറ്റുമുള്ള ഫണ്ട് കേന്ദ്രം നേരിട്ട് സംസ്ഥാന ഗവൺമെന്റുകളെ മറിക ടന്നുകൊടുക്കാൻ തീരുമാനിക്കുകയും എന്നാൽ പിന്നീട് മറ്റൊരു ഭേദഗതിയി ലൂടെ അത് ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തതിനുശേഷം ഇപ്പോൾ വീണ്ടും കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റുകളെ മറികടന്നുകൊണ്ട് നേരിട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് കൊടുക്കാനുള്ള ഈ നീക്കത്തിനെതിരെ സംസ്ഥാനഗവൺമെന്റ് വിയോജിപ്പ് രേഖപ്പെടുത്തി എന്നു ള്ളത് സന്തോഷകരമാണെങ്കിലും ശക്തമായി എതിർത്ത് പരാജയപ്പെടുത്താ നുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പാലൊളി മുഹമ്മദ്കുട്ടി : ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതു പോലെ ഇതിനുമുമ്പ് ഇത്തരത്തിലൊരു നീക്കം വന്ന സമയത്ത് എല്ലാ സംസ്ഥാന ഗവൺമെന്റുകളും അതിനെ ശക്തമായി എതിർത്തതുകൊണ്ടാണ് അത് പിൻവലിക്കേണ്ടിവന്നത്. അതുകൊണ്ടുതന്നെ ഇതിന്റെ ഭവിഷ്യത്ത് മനസ്സിലാക്കി ശക്തമായ നിലപാട് ഗവൺമെന്റ് എടുക്കും. കേന്ദ്രത്തെ അറിയി ക്കുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. സുധാകരൻ : കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പണം പ്രധാനമായി നൽകേണ്ടത് കേന്ദ്രമാണെങ്കിലും ഈ പദ്ധതികൾ നടപ്പിലാക്കേണ്ടത് നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും ആയതുകൊണ്ട് പ്രാദേശിക വികസന താല്പര്യംകൂടി കണക്കിലെടുത്ത് പദ്ധതികൾ പ്രാദേശികമായി നടപ്പിലാക്കുന്നതിനുള്ള അനുവാദം വാങ്ങിയെടുക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പാലൊളി മുഹമ്മദ്കുട്ടി : കേന്ദ്രാവിഷ്കൃത പദ്ധതികൾ ചിലതെങ്കിലും നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ട് എന്നുള്ളത് കണ്ടതാണ്. അതുകൊണ്ടുതന്നെ ആ പദ്ധതികൾ കുറച്ച് അതിന് വേണ്ടുന്ന പണം സംസ്ഥാന ഗവൺമെന്റുകൾക്ക് ഈ ഉദ്ദേശം നിറവേറ്റുന്നതിനുവേണ്ടി കൊടുക്കണം. പദ്ധതികൾ ആയിട്ടല്ല കൊടുക്കേണ്ടത്. പണം നൽകി ആ പണം സംസ്ഥാനത്തിന്റെ പ്രത്യേകത വച്ച് ചെലവഴിക്കാൻ അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

ശ്രീ. എ. അലി ഹസ്സൻ : സർ, കേന്ദ്രാവിഷ്കൃത പദ്ധതികൾ പഞ്ചായത്തുകൾക്ക് നേരിട്ട് പണം നൽകുന്ന വ്യവസ്ഥയിൽ ആന്ധ്രപ്രദേശ് മുഖ്യമന്ത്രിയടക്കം പലരും എതിർത്ത സാഹചര്യത്തിൽ ഈ പ്രശ്നത്തിൽ വിവിധ സംസ്ഥാനങ്ങളെ കൂട്ടി യോജിപ്പിച്ചുകൊണ്ട് കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്താൻ സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പാലൊളി മുഹമ്മദ്കുട്ടി : ഒരു ഭാഗത്ത് അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തിക്കൊണ്ടിരുന്ന ഘട്ടത്തിൽ ഇതുപോലെ അധികാര വികേന്ദ്രീകരണത്തിനുള്ള നടപടി പൊതുവിൽ അംഗീകരിക്കപ്പെടുകയില്ല. ശക്തമായ എതിർപ്പ് ഉണ്ടാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ 15-11-1999-ലെ കത്തിൽ നമ്മുടെ എതിർപ്പ് ശക്തമായി ഉന്നയിച്ചിട്ടുണ്ട്.

ശ്രീ. എ. അലി ഹസ്സൻ : ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കാൻ ഇന്ന് കേരള സർക്കാർ ഓരോ പഞ്ചായത്തുകൾക്കും പണം നൽകി വരുന്നത്. ഓരോ പഞ്ചായത്തിന്റെയും വിസ്തൃതി, ജനസംഖ്യ, പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ എണ്ണം എന്നിവ കണക്കാക്കി ഇന്ന് തുടർന്നുവരുന്ന സാമ്പത്തിക സഹായം ഓരോ പഞ്ചായത്തിനും ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ ഈ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പാലൊളി മുഹമ്മദ്കുട്ടി : സംസ്ഥാനത്തിന്റെ പ്രത്യേകതവച്ച് പദ്ധതികൾ തയ്യാറാക്കാൻ സാധിച്ചാൽ അതായിരിക്കും സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നടപ്പിലാക്കാൻ സൗകര്യവും കൂടുതൽ പ്രയോജനവുമായിട്ടുള്ളത്.

ശ്രീ. പി.കെ. കുമാരൻ : സർ, കേരളം ഭാവനാപൂർണ്ണമായിട്ടാണ് ജനകീയാസൂത്രണ പദ്ധതി ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത്. ആ പദ്ധതിയെ ഒരർത്ഥത്തിൽ തകർക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ ആഗ്രഹ പ്രകടനമല്ലേ ഇത്തരം ആവിഷ്കൃത പദ്ധതികൾക്ക് ആവശ്യമായിട്ടുള്ള ഫണ്ട് നേരിട്ട് ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കുകയെന്നുള്ള സമീപനത്തിൽ ഉള്ളത്; അതുകൊണ്ട് ഇക്കാര്യത്തിൽ ശക്തമായ പ്രതിഷേധം അറിയിക്കാൻ ഗവൺമെന്റ് മുൻകൈ എടുക്കുമോ?

ശ്രീ. പാലൊളി മുഹമ്മദ്കുട്ടി : കേന്ദ്ര ഗവൺമെന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് പണം നൽകാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞാൽ

അത് ജനകീയാസൂത്രണം പോലുള്ള പദ്ധതികളെ തകിടം മറിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. അതിന്റെ അടിസ്ഥാനത്തിൽതന്നെയാണ് ഇതിനോടുള്ള വിയോജിപ്പ് ഗവൺമെന്റ് പ്രകടിപ്പിച്ചിട്ടുള്ളത്.

ശ്രീ. പി.കെ. കുമാരൻ : നമ്മുടെ സംസ്ഥാനത്ത് ഓരോ പ്രദേശത്തും ഇന്ന് ജനകീയാസൂത്രണ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ കേന്ദ്രാവിഷ്കൃത പദ്ധതികളടക്കം പ്രാദേശികമായി നടപ്പിലാക്കുന്നത് ജനകീയാസൂത്രണത്തിനും ഗ്രാമ സർക്കാരുകൾ എന്ന സങ്കൽപ്പത്തിനും എതിരായതുകൊണ്ട് അതിനാവശ്യമായിട്ടുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്കും സംസ്ഥാന സർക്കാരുകൾക്കുമുള്ള അംഗീകാരം നിലനിർത്താൻ ഗവൺമെന്റ് മുൻകൈ എടുക്കുമോ?

ശ്രീ. പാലൊളി മുഹമ്മദ്കുട്ടി : സംസ്ഥാന ഗവൺമെന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ട് കൊടുക്കുന്നത് രണ്ടുമൂന്ന് പ്രത്യേക മേഖല തിരിച്ച് ആ മേഖലയിൽ എന്ത് പദ്ധതികൾ വേണമെന്നുള്ളത് അതാതു പഞ്ചായത്തുകളുടെ പ്രത്യേകത കണക്കിലെടുത്തുകൊണ്ട് തയാറാക്കുകയാണ്. ആ അടിസ്ഥാനത്തിൽ പദ്ധതികൾ തയാറാക്കുന്നതുവഴി അതാതു പ്രദേശങ്ങളിലെ ജനങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുമെന്നുള്ള പ്രത്യേകതയും അതിനുണ്ട്. അതിനു വിഘാതം വരുന്നുവെന്നുള്ളതുകൊണ്ടാണ് ഈ രീതി അവലംബിച്ചു കൂടായെന്ന് പറയുന്നത്.

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : സർ, കേന്ദ്രാവിഷ്കൃത പദ്ധതികൾ നേരിട്ട് പഞ്ചായത്തുകൾ വഴി നടപ്പിലാക്കാനുള്ള നീക്കം ഇപ്പോഴത്തെ അധികാരവികേന്ദ്രീകരണത്തിനു പകരം വീണ്ടും കേന്ദ്രീകൃതമായിട്ടുള്ള ആസൂത്രണത്തിനു പോകാനുള്ള ബി.ജെ.പി. ഗവൺമെന്റിന്റെ തന്ത്രപൂർവ്വമായ നീക്കം എന്ന് മനസ്സിലാക്കിക്കൊണ്ടു പ്രതിപക്ഷമടക്കം ഈ സഭയിലെ മുഴുവൻ അംഗങ്ങളും ഒരുമിച്ചുചേർന്ന് ഇതിനെതിരായി പ്രമേയം പാസ്സാക്കി കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. പാലൊളി മുഹമ്മദ്കുട്ടി : കേന്ദ്ര ഗവൺമെന്റിന്റെ ഈ നീക്കം നമ്മുടെ ഫെഡറൽ സമ്പ്രദായത്തിന് ഒരു വെല്ലുവിളിയെന്നുള്ള രീതിയിൽ തന്നെയാണ് ഗവൺമെന്റുകൾ കാണുന്നത്. അതുകൊണ്ടുതന്നെയാണ് ബഹു മാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് അയച്ചിട്ടുള്ള കത്തിൽ ഇതിന്റെ ഗുരുതരമായ ഭവിഷ്യത്ത് ചൂണ്ടിക്കാണിച്ചത്. ഇനിയും ആവശ്യമെന്നു കണ്ടാൽ വീണ്ടും കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ സംസ്ഥാന ഗവൺമെന്റ് തയാറാകും.

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : ഇതോടൊപ്പംതന്നെ സംസ്ഥാനങ്ങളിലെ പദ്ധതിയേതര വിഹിതത്തിൽ വലിയ കുറവ് വരുന്നതായും സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള തുക കേരളം നല്ല രീതിയിൽ കുറയ്ക്കണമെന്ന് കേന്ദ്രഗവൺമെന്റിൽനിന്നും സമ്മർദ്ദം ഉള്ളതായും പറയുന്നു. അത്തരം നീക്കം കേരളത്തെ സംബന്ധിച്ചിടത്തോളം ഉണ്ടാക്കാവുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് പ്രത്യേകം പറയേണ്ടതായിട്ടില്ല. അങ്ങനെ ഒരു നീക്കം കേന്ദ്ര ഗവൺമെന്റിൽനിന്നും ഉണ്ടെങ്കിൽ അതിനെതിരായികൂടി ശക്തമായ പ്രതിഷേധം അറിയിക്കേണ്ടതുണ്ട്. അങ്ങനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. പാലൊളി മുഹമ്മദ്കുട്ടി : സാമ്പത്തിക പ്രയാസത്തിന്റെ പേരു പറഞ്ഞ് കേന്ദ്ര ഗവൺമെന്റ് അതാത് അവസരത്തിൽ സംസ്ഥാന ഗവൺമെന്റു

LIBRARY ARCHIVES Kerala Legislative Assembly

കൾക്ക് കൊടുക്കേണ്ട വിഹിതം കൃത്യമായി കിട്ടുന്നില്ലയെന്നുള്ളത് ധനകാര്യ മന്ത്രി ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. തീർച്ചയായിട്ടും നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വലിയ പ്രയാസമുണ്ടാകുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. അതിന്റെയടിസ്ഥാനത്തിൽ തന്നെയാണ് ആ നീക്കത്തിനെതിരായിട്ടുള്ള ശബ്ദം നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വന്നിട്ടുള്ളത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടി സംസ്ഥാനങ്ങളിൽ നടപ്പാക്കുന്ന പദ്ധതികൾക്കുള്ള സഹായം പല സംസ്ഥാന ഗവൺമെന്റുകളും ഡൈവർട്ട് ചെയ്യുന്നതായി കേന്ദ്ര ഗവൺമെന്റിന്റെ ദൃഷ്ടിയിൽ വന്നിട്ടുണ്ട്. ജെ.ആർ.വൈ. ഫണ്ട് ആണെങ്കിലും ഇ.എ.എസ്. ആണെങ്കിലും അതുപോലെ പല പദ്ധതികളും ഉണ്ട്. ലേറ്റസ്റ്റ് സി.എ.ജി. റിപ്പോർട്ടനുസരിച്ച് 1200 കോടി രൂപ നാച്ചറൽ കലാമിറ്റിക്കുള്ള പണം സ്റ്റേറ്റുകൾ ഡൈവർട്ടു ചെയ്തു. ഇതുപോലെ ചെയ്യുന്ന സംസ്ഥാനങ്ങളെ പ്രത്യേകം കാണുകയും സ്റ്റേറ്റുകൾ പോലെ ഇത് പഞ്ചായത്തുകൾ നടപ്പാക്കുകയും ചെയ്യുന്ന സംസ്ഥാനങ്ങളെ ഒഴിവാക്കി ഇതുപോലെ ഫണ്ട് ഡൈവർട്ടു ചെയ്യുന്ന സംസ്ഥാനങ്ങളെ പ്രത്യേകമായി കാണാനും ആവശ്യപ്പെടാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പാലൊളി മുഹമ്മദ്കുട്ടി : കേന്ദ്ര ഗവൺമെന്റ് കൊടുക്കുന്ന ഫണ്ട് ആ ഉദ്ദേശത്തിനല്ലാതെ ചെലവഴിക്കുന്ന സംസ്ഥാനങ്ങൾ ഉണ്ട്. തീർച്ചയായിട്ടും അത് കണ്ടെത്തി തിരുത്തണം. അതിന് ആവശ്യമായിട്ടുള്ള ശക്തമായ നിലപാട് സ്വീകരിക്കണം. അതിനു പകരം കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങളെ മറികടന്നുകൊണ്ട് ഇതുപോലുള്ള നിലപാടിലേയ്ക്ക് പോകുന്നത് ഒരിക്കലും തന്നെ അംഗീകരിക്കാൻ കഴിയില്ല. എവിടെയെങ്കിലും കേന്ദ്ര ഗവൺമെന്റു കൊടുക്കുന്ന ഫണ്ട് ദുരുപയോഗപ്പെടുത്തുന്നുണ്ടെങ്കിൽ അതിന് ആവശ്യമായ നടപടിയെടുക്കാനുള്ള അധികാരം കേന്ദ്ര ഗവൺമെന്റിനുണ്ട്. അവർ ആ അധികാരം എടുക്കണം.

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, കേന്ദ്രം എന്ത് ന്യായത്തിന്റെ പേരിലായാലും സംസ്ഥാന ഗവൺമെന്റുകളെ മറികടന്നുകൊണ്ട് ഗ്രാമ പഞ്ചായത്തുകൾക്കോ ത്രിതല പഞ്ചായത്തുകൾക്കോ പണം കൊടുത്തുകൂടാ എന്നുള്ള ഉറച്ച നിലപാട് നമ്മുടെ സംസ്ഥാന ഗവൺമെന്റിനു പറയാൻ കഴിയണം. സംസ്ഥാന ഗവൺമെന്റ് സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ 40% ത്രിതല പഞ്ചായത്തുകൾക്ക് കൊടുക്കുന്നു. ഇതുപോലെതന്നെ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് ഈ തോത് വച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റുകൾക്ക് വീതിച്ചു കൊടുക്കത്തക്കവിധത്തിലുള്ള ഒരു സമീപനത്തിനുവേണ്ടി മറ്റു സംസ്ഥാന ഗവൺമെന്റുകളെകൂടി കൂട്ടിയോജിപ്പിച്ച് സമ്മർദ്ദം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പാലൊളി മുഹമ്മദ്കുട്ടി : മറ്റു സംസ്ഥാന ഗവൺമെന്റുകളെല്ലാം ഈ വഴിക്ക് ചിന്തിക്കുന്നുണ്ട് എന്നുള്ളതിന്റെ സൂചനയാണ് ദേശീയ വികസന കൗൺസിലിന്റെ യോഗത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ കുറയ്ക്കണം, ആ ആവശ്യങ്ങൾ നിറവേറ്റാനുള്ള പദ്ധതികൾക്കുള്ള പണം സംസ്ഥാന ഗവൺമെന്റുകൾക്ക് കൊടുത്ത് സംസ്ഥാനങ്ങളുടെ പ്രത്യേകത വച്ച് പദ്ധതികൾ തുടങ്ങാനും അനുവദിക്കണം എന്ന ആവശ്യം ശക്തിയായി ഉന്നയിച്ചിട്ടുണ്ട്. അത് ഇനിയും ശക്തിപ്പെടുത്താനാണ് പോകുന്നത്. ആ കാര്യത്തിൽ ഒട്ടും സംശയം വേണ്ട.

ശ്രീ. തമ്പാനൂർ രവി : സർ, കേന്ദ്രം കൊടുക്കുന്ന ഫണ്ട് ആയിരുന്നാലും സംസ്ഥാനം കൊടുക്കുന്ന ഫണ്ട് ആയിരുന്നാലും ആ ഫണ്ടുകൾ വിനിയോഗിക്കുന്ന കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തിൽ ത്രിതല സംവിധാ

LIBRARY ARCHIVES Kerala Legislative Assembly

നത്തിൽ ചില പാളിച്ചകളുണ്ട് എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അത് കുറെക്കൂടി, സുതാര്യമായി, കുറ്റമറ്റതായി നടപ്പാക്കാൻ എന്തെങ്കിലും പുതിയ നടപടി ഹൈക്കോടതി വിധിയുടെ വെളിച്ചത്തിൽ നടപ്പിലാക്കുവാൻ സംസ്ഥാന ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പാലൊളി മുഹമ്മദ്കുട്ടി : കേന്ദ്ര ഗവൺമെന്റും, സംസ്ഥാന ഗവൺമെന്റും താഴോട്ടു കൊടുക്കുന്ന ഫണ്ടിന്റെ വിനിയോഗത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ, തകരാറുകൾ അതെല്ലാം തന്നെ പരിശോധിക്കാൻ അനുയോജ്യമായ നടപടികൾ എടുക്കാൻ ഉള്ള സംവിധാനം എത്രയോ വർഷങ്ങളായി നിലവിലുണ്ടല്ലോ. അത് ശക്തിപ്പെടുത്തുകയെന്നുള്ളതല്ലാതെ ജലദോഷം കണ്ടേക്കും എന്നു കണ്ട് തലവെട്ടുന്ന സമ്പ്രദായം ശരിയല്ലല്ലോ. ആ രീതിയിലേയ്ക്ക് പോകണ്ടയെന്നുള്ളതാണു്.

ശ്രീ. പി. രാജു : നമ്മുടെ സംസ്ഥാന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള പണം നേരിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കുന്നതിനുള്ള നീക്കം വീണ്ടും ആരംഭിച്ചിരിക്കുകയാണ്. ഇപ്പോൾ തന്നെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുവേണ്ടി ലഭിക്കുന്ന പണം അതിനോടനുബന്ധിച്ച് കേന്ദ്രം നൽകുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നമുക്ക് കേരളത്തിൽ യൂട്ടിലൈസ് ചെയ്യാൻ കഴിയാതെ പോവുകയാണ്. അതുകൊണ്ട് കേന്ദ്രം പണം നൽകുമ്പോൾ ഇൻഡ്യയുടെ ഫെഡറൽ സമ്പ്രദായങ്ങളുടെ കാഴ്ചപ്പാടനുസരിച്ച് അത് സംസ്ഥാനങ്ങൾക്ക് നൽകിക്കൊണ്ട് അതിന്റെ വിഹിതം എത്രയാണെന്ന് കണക്കാക്കി നോംസ് തയ്യാറാക്കുന്നതിനുള്ള അധികാരംകൂടി സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടാൻ, നേടിയെടുക്കാൻ കഴിഞ്ഞാൽ മാത്രമേ നമുക്ക് കേന്ദ്രത്തിന്റെ പണം പൂർണ്ണമായും ഉപയോഗിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഈ പുതിയ നിർദ്ദേശത്തോടുകൂടി കേന്ദ്ര ഗവൺമെന്റിനെ സമീപിക്കപ്പെടുമ്പോൾ നോംസ് നിശ്ചയിക്കുന്നതിനുള്ള അവകാശം-കേന്ദ്രം പണം നൽകിക്കഴിഞ്ഞാൽ ആ പണം കേരളത്തിൽ യൂട്ടിലൈസ് ചെയ്യുന്നതിനുള്ള നോംസ് തീരുമാനിക്കുന്നതിനുള്ള അവകാശം -സംസ്ഥാന ഗവൺമെന്റിന് ലഭ്യമാക്കണം എന്നുകൂടി ആവശ്യപ്പെടാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പാലൊളി മുഹമ്മദ്കുട്ടി : ഇതാണ് ദേശീയ വികസന കൗൺസിലിൽ ഉന്നയിക്കപ്പെട്ട കാര്യം. അവർ തരുന്ന പണം ഏതു ദുർബല വിഭാഗത്തിന്റെ സംരക്ഷണത്തിനാണോ അത് നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേകത വച്ചുകൊണ്ട് ഫലപ്രദമായി വിനിയോഗിക്കാൻ ആവശ്യമായ നോംസ് സംസ്ഥാന ഗവൺമെന്റിന് ഉണ്ടാക്കാൻ കഴിയണം. ഇതാണ് ആവശ്യം. അത് വീണ്ടും ഉന്നയിക്കണം.

ശ്രീ. ചെർക്കളം അബ്ദുള്ള : നമ്മുടെ സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ലഭിക്കേണ്ട തുക പൂർണ്ണമായും കേന്ദ്ര സർക്കാരിൽനിന്ന് കഴിഞ്ഞ വർഷങ്ങളിൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പൂർണമായി ചെലവഴിച്ചിട്ടുണ്ടോയെന്നുള്ളത് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. പാലൊളി മുഹമ്മദ്കുട്ടി : മറ്റൊരു ചോദ്യം മുഖേനയല്ലാതെ ഉത്തരം പറയാൻ കഴിയില്ല. അതിന്റെ വിശദാംശങ്ങൾ എന്റെ കയ്യിലില്ല.

ശ്രീ. വി.കെ. ചന്ദ്രൻ : കേന്ദ്രാവിഷ്കൃത പദ്ധതി കേരളം ഒഴിച്ച് മറ്റു പല സംസ്ഥാനങ്ങളിലും താഴേയ്ക്ക് കൊടുക്കുന്നതിന്റെ ഭാഗമായിട്ട് വളരെ

LIBRARY ARCHIVES Kerala Legislative Assembly

വലിയ അഴിമതിയും കാര്യങ്ങളും നടക്കുന്നതായി കാണുന്നു. അതിന്റെ ഭാഗമായി ഗ്രാമ പ്രദേശങ്ങളിൽ നടക്കേണ്ട യാതൊരുവിധ വികസന പ്രവർത്തനങ്ങളും നടക്കുകയില്ല. ഏതാണ്ട് അതേ രൂപത്തിൽ ഇ.എ.എസ്. പോലെയുള്ള പദ്ധതികളിൽ നേരെ സംസ്ഥാന ഗവൺമെന്റിന് നൽകാതെ താഴെ തലങ്ങളിലേയ്ക്ക് നൽകി ഇത്തരത്തിലുള്ള അഴിമതി കാര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടിയാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചു വരുന്നത്. ഇതിനെതിരായിക്കൊണ്ട് ശക്തമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പാലൊളി മുഹമ്മദ്കുട്ടി</u> : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചിട്ടുള്ള പ്രശ്നങ്ങൾ പരിഗണിച്ചുകൊണ്ടാണ് ഇത്തരം ഒരു ആവശ്യം ദേശീയ വികസന കൗൺസിലിൽ ഉന്നയിക്കപ്പെട്ടിട്ടുള്ളത്. അത് എത്രയും ശക്തമായിട്ട് ഉന്നയിക്കും എന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

പ്രതിപക്ഷ നേതാവ് <u>(ശ്രീ. എ.കെ. ആന്റണി)</u> : ജനകീയാസൂത്രണ പദ്ധതികൾ തുടങ്ങിയിട്ട് വർഷങ്ങൾ പലതായി. ആസൂത്രണ നിയമമനുസരിച്ച് തന്നെ ത്രിതല പഞ്ചായത്ത് മുടക്കുന്ന പണത്തെക്കുറിച്ചുള്ള ലോക്കൽ ഫണ്ട് ആഡിറ്റിന്റെ റിപ്പോർട്ട് കിട്ടേണ്ട സമയം വളരെ വൈകിയിരിക്കുന്നു. അതിന്റെ റിപ്പോർട്ട് കിട്ടിയോ; അത് എന്നാണ് നിയമസഭയിൽ വയ്ക്കാൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. പാലൊളി. മുഹമ്മദ്കുട്ടി</u> : അതിനെ സംബന്ധിച്ചുള്ള പരിശോധന നടന്നുകൊണ്ടിരിക്കുകയാണ്. വളരെ താമസിയാതെ അത് മേശപ്പുറത്ത് വയ്ക്കുന്നതാണു്.

<u>ശ്രീ. കെ. പ്രകാശ് ബാബു</u> : സർ, സംസ്ഥാനങ്ങളെ മറികടന്നുകൊണ്ട് പഞ്ചായത്തുകൾക്ക് നേരിട്ട് പണം കൊടുക്കുന്നതിന് നേരത്തെ 1985 - 86 -ൽ നമ്മുടെ രാജ്യത്ത് ഒരു ശ്രമം നടന്നിരുന്നു. അതിനെ ശക്തമായി എതിർക്കേണ്ടുന്നതാണ്. എന്നാൽ പഞ്ചായത്തുകളുടെ സ്വതന്ത്രമായ പ്രവർത്തനങ്ങൾക്ക് സഹായകരമായ രീതിയിൽ പൂർണ്ണമായും വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സംസ്ഥാന ആവിഷ്കൃത പദ്ധതികൾ ഘട്ടം ഘട്ടമായി ഒഴിവാക്കി പൂർണമായിട്ടും പഞ്ചായത്തിന്റെ സ്വതന്ത്രമായ പദ്ധതികളുടെ നിർവ്വഹണത്തിലേയ്ക്ക് പോകാൻ അവരെ തയ്യാറാക്കുന്ന ഒരു സമീപനം ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. പാലൊളി മുഹമ്മദ്കുട്ടി</u> : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ള ഈ പ്രശ്നത്തിലാണ് നമ്മൾ നിൽക്കുന്നത്. അതിനുവേണ്ടിയാണ് ശക്തിയായിട്ട് വാദിച്ചുകൊണ്ടിരിക്കുന്നത്. അതിന് എതിരായിട്ടുവരുന്ന ഇത്തരം പ്രശ്നങ്ങളിൽ നമ്മളുടെ വിയോജിപ്പ് വളരെ ശക്തിയായിട്ട് കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

<u>ശ്രീ. അടൂർ പ്രകാശ്</u> : സർ, ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കിയതിൽ നിരവധി ആക്ഷേപങ്ങൾ പല പഞ്ചായത്തുകളെ സംബന്ധിച്ചും ഉയർന്നു വന്നിട്ടുണ്ട്. രണ്ടും, രണ്ടരയും വർഷങ്ങളായി ഇത്തരം ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുള്ള പഞ്ചായത്തുകളിൽ ഫലപ്രദമായ അന്വേഷണം നടക്കുന്നുണ്ട് എന്ന് അങ്ങുതന്നെ ചോദ്യങ്ങൾക്ക് മറുപടയായി അറിയിച്ചിട്ടുമുണ്ട്. ഈ പഞ്ചായത്തുകളുടെ കാലാവധി തീരുന്നതിനുമുൻപ് ഈ അന്വേഷണം പൂർത്തീകരിച്ച് കുറ്റക്കാർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പാലൊളി മുഹമ്മദ്കുട്ടി</u> : സർ, തദ്ദേശ സ്ഥാപനങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള ആരോപണം ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടുത്ത് വരുന്നമുറയ്ക്ക് അത് സംബന്ധിച്ച് അന്വേഷിക്കുന്നതിനുവേണ്ടി യുള്ള നടപടി സ്വീകരിക്കാറുണ്ട്. അന്വേഷിച്ച് കിട്ടുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി എടുക്കേണ്ടത്, ഗവൺമെന്റ് നടപടി എടുത്തുകൊ ണ്ടിരിക്കുന്നു. ചില പ്രശ്നങ്ങളിൽ കൂടുതൽ ഫലപ്രദമായ രീതിയിൽ വീണ്ടും അന്വേഷണം ആവശ്യമാണെന്ന് കാണുന്നിടത്ത് അത്തരം കേസ്സുകളിൽ വിജി ലൻസിനെ ഏൽപ്പിച്ച് അന്വേഷണം തുടരുന്നുണ്ട്. ചില അന്വേഷണ റിപ്പോർട്ടുകൾ കിട്ടാൻ വൈകുന്നതിന്റെ ഫലമായി നടപടിക്ക് വൈകുന്നുണ്ട് എന്നുള്ളതല്ലാതെ ഇക്കാര്യത്തിൽ ഗവൺമെന്റ് ഒരു അലംഭാവവും കാണിക്കു ന്നില്ല. തദ്ദേശസ്ഥാപനങ്ങളുടെ കാലാവധി അവസാനിക്കുന്നതിനു മുൻപു തന്നെ എല്ലാ കേസ്സുകളും തീർക്കണം എന്നുള്ളതാണ് ഗവൺമെന്റ് ആഗ്രഹി ക്കുന്നത്. അത് സാധിക്കുമോ ഇല്ലയോ എന്നുള്ളത് പറയാൻ കഴിയില്ല.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : സർ, കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പി ലാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് ഇറക്കിയിട്ടുള്ള പല പദ്ധതികളു ടെയും ചട്ടങ്ങൾ നമ്മുടെ സംസ്ഥാനത്തിന് അനുയോജ്യമല്ല. അതുകൊണ്ടു തന്നെ ചില പദ്ധതികൾ ഗ്രാമതലത്തിൽ നടപ്പിലാക്കാൻ ബുദ്ധിമുട്ട് നേരി ടുന്നുണ്ട്. അതുകൊണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുവേണ്ടി നൽകുന്ന പണം വിനിയോഗിക്കുന്നതിനുള്ള പൂർണ്ണാവകാശം നമുക്ക് ആവശ്യമാണ്. അതനുസരിച്ച് ഈ ചട്ടങ്ങളിലടക്കം മാറ്റം വരുത്തുകയോ, അതല്ലെങ്കിൽ അവ നിർവ്വഹിക്കാനുള്ള പൂർണ്ണമായ അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് വേണ മെന്നുള്ള നമ്മുടെ ആവശ്യം കേന്ദ്രത്തെ ബോദ്ധ്യപ്പെടുത്താനായിട്ട് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് പറയാമോ?

<u>ശ്രീ. പാലൊളി മുഹമ്മദ്കുട്ടി</u> : സർ, ഓരോ സംസ്ഥാനത്തിന്റെയും പ്രത്യേകതകൾ വച്ചുകൊണ്ട് ആവശ്യമായിട്ടുള്ള ചട്ടങ്ങൾ രൂപീകരിക്കാനുള്ള അധികാരം സംസ്ഥാന ഗവൺമെന്റുകൾക്ക് കൊടുക്കുന്നതായിരിക്കും നന്നാകുക, ഇതാണ് അറിയിച്ചിട്ടുള്ളത്.

<u>ശ്രീ. കെ.സി. ജോസഫ്</u> : സർ, പലപ്പോഴും സെൻട്രലി സ്പോൺസേർഡ് സ്കീമിനുള്ള പണം പഞ്ചായത്ത് നൽകുന്ന കാര്യത്തിൽ ഉണ്ടാകുന്ന കാലതാമസം ഒരു വലിയ പ്രയാസമായിട്ട് വന്നിട്ടുണ്ട്. അതുകൊ ണ്ടാണ് നമ്മുടെ പഞ്ചായത്തുകൾ പലപ്പോഴും സാമ്പത്തിക വർഷാവസാനം പല ഫണ്ടുകളും ഹൗസിംഗ് ബോർഡിനും, ഇലക്ട്രിസിറ്റി ബോർഡിനും ഡെപ്പോസിറ്റായിട്ട് കൊടുക്കുക. ഇപ്പോഴും കഴിഞ്ഞ മൂന്നു കൊല്ലമായി കൊടുത്ത ഡെപ്പോസിറ്റിന്റെ പണി പൂർത്തിയായിട്ടില്ല. അങ്ങനെ ഉണ്ടാകുന്ന ഈ ഡിലേ ഒഴിവാക്കുന്നതിനുവേണ്ടി സാമ്പത്തിക വർഷം ആദ്യംതന്നെ പണം പഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? സെൻട്രലി സ്പോൺസേർഡ് സ്കീമിന്റെ പണത്തിന്റെ എന്തെങ്കിലും വിഹിതം സംസ്ഥാന ഗവൺമെന്റ് പഞ്ചായത്തിന് കൊടുക്കാതെ മാറ്റിവയ്ക്കു ന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

<u>ശ്രീ. പാലൊളി മുഹമ്മദ്കുട്ടി</u> : സർ, വിവിധ മേഖലകളിൽ നിന്ന് പഞ്ചായത്തുകളിലേയ്ക്ക് കിട്ടേണ്ടുന്ന ഫണ്ട് കൃത്യമായിട്ട് ചില മേഖലകളിൽ കിട്ടുന്നില്ല എന്ന് പരാതി വന്നിരുന്നു. അത് പരിശോധിക്കുകയും കൃത്യസമ യത്തുതന്നെ കൊടുത്ത്, പദ്ധതി ആസൂത്രണഘട്ടത്തിൽ അതിനെ സംബ ന്ധിച്ച് വിവരം മനസ്സിലായിട്ടുണ്ട് എന്നുണ്ടെങ്കിൽ മാത്രമേ പദ്ധതി തയ്യാറാ ക്കാൻ കഴിയുകയുള്ളൂ. അതിന് ചില പ്രശ്നങ്ങൾ ആദ്യഘട്ടത്തിൽ വന്നി രുന്നു. അത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടി ഇപ്പോൾ സ്വീകരിച്ചുവ രുന്നു.

LIBRARY ARCHIVES Kerala Legislative Assembly